അതിന് ശ്രമിക്കുന്നതാണ്. അത് ഇപ്പോഴും ഗവൺമെൻറിന്റെ പരിഗണനയിലാണുള്ളത്. ഗവൺമെൻറിന്റെ ഭാഗത്ത്നിന്ന് ആവുന്നതെല്ലാം ചെയ്യാം.

(9) തൃശ്ശൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ഹാജരായ ജോൺസന്റെ മരണം

ശ്രീ. എ. വി. താമരാക്ഷൻ : സർ, തൃശ്ശൂർ പോലീസ് സ്റ്റേഷനിൽ പരാതി പറയാൻ ചെന്ന 32 വയസുള്ള ജോൺസനെന്നു പറയുന്ന ഒരു ചെറുപ്പക്കാരന്റെ മൃതശരീരം പിറ്റേ ദിവസം പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള കിണറ്റിൽ കണ്ട സാഹചര്യം വിശദീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർ, അടിയന്തിര പ്രമേയത്തിലൂടെ അതിന് അനുമതി തേടിയതാണ്. ആർ. എസ്. പി. യുടെ തൃശ്ശൂർ മണ്ഡലം കമ്മിറ്റിയംഗവും, തൃശ്ശൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായ എ. എൽ. ഔസേപ്പിന്റെ മകൻ ജോൺസനാണ്, പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള കിണറ്റിൽ മൃതശരീരം കണ്ടെത്തിയത്. സർ, ഒരു ആട്ടോറിക്ഷക്കാരനുമായുണ്ടായ തർക്കത്തെ തുടർന്നാണ് 26-ാം തീയതി ഞായറാഴ്ച രാത്രി 11 മണിയോടുകൂടി പോലീസ് സ്റ്റേഷനിലെത്തിയത്. രാത്രി ജോൺസൻ വീട്ടിൽ വരാതിരുന്നപ്പോൾ ഭാര്യ വീട്ടിൽ പോയിരിക്കുന്നു വെന്നാണ് വീട്ടുകാർ കരുതിയത്. എന്നാൽ 27-ാം തീയതി രാവിലെ കാലിക്കട്ട് ഡീസൽ ഹൗസിൽ ജോലിയിൽ കാണാതായതിനെ തുടർന്നാണ് ഔസേപ്പ് അന്വേഷണമാരംഭിച്ചത്. 27-ാം തീയതി ഏകദേശം മൂന്നര മണിയോടുകൂടി ജോൺസന്റെ ജഡം പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള കിഴക്കു ഭാഗത്തുള്ള കിണറ്റിൽ കിടക്കുന്നതായി കണ്ടെത്തി. ഒക്ടോബർ 26-ാം തീയതി രാത്രി സ്റ്റേഷനിൽ ചെല്ലുമ്പോൾ പോലീസുകാർ ടി. വി. കണ്ടുകൊണ്ടിരിക്കുകയായിരുന്നു. നല്ല മഴയുണ്ടായിരുന്നു. കൺട്രോൾ റൂമിലെ ഒരു പോലീസ് വാഹനം ജോൺസൻ കിടന്നിരുന്ന കിണറിന്റെ പരിസരത്ത് കിടന്നിരുന്നതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. സർ, ജോൺസൻ ആത്മഹത്യ ചെയ്തതെന്ന് വരുത്തിവയ്ക്കാനാണ് പോലീസിന്റെ ശ്രമം. ജോൺസൻ ആത്മഹത്യ ചെയ്യേണ്ട യാതൊരു സാഹചര്യവുമില്ല. ഭാര്യയും, ഒരു കുട്ടിയുമടങ്ങുന്ന സുഖമായി കഴിയുന്ന ഒരു കുടുംബമായിരുന്നു ജോൺസന്റേത്.

പോലീസ്സ്റ്റേഷനിലെ ലോക്കപ്പ് മർദ്ദനം മൂലമാണ് ജോൺസൻ മരിച്ചിട്ടുള്ളത്. പോലീസ് കൺട്രോൾ റൂമിൽ രാത്രി സായുധപോലീസ് കാവൽ ഉണ്ട്. അതിന്നുമുന്നിലുള്ള കിണറ്റിൽ ചാടിമരിക്കാൻ ജോൺസൻ ശ്രമിച്ചെങ്കിൽ തീർച്ചയായും പോലീസ്കാർ കുറ്റക്കാരാണ് രാത്രിമുഴുവൻ പോലീസ് പട്രോൾ നടത്തുന്ന സ്ഥലമാണ്. ടൗൺ പോലീസ്സ്റ്റേഷൻ ക്രൈംബ്രാഞ്ച് വട്ടപ്പിലാണ് ഈ കിണർ. ജോൺസനെ കൊലചെയ്തു ജഡം ഈ കിണറ്റിൽ കൊണ്ടിട്ടത് പോലീസ് അറിയാതിരിക്കാൻ സാദ്ധ്യമല്ല. ഈ സാഹചര്യത്തിൻ പോലീസ് തല്ലിക്കൊന്ന് കിണറ്റിൽ തള്ളിയിട്ടതായിട്ടാണ് സംശയിക്കുന്നത്. പോലീസ്സ്റ്റേഷനിൽ ചെല്ലുന്ന പ്രതികളെ മീശപറിച്ചും മർദ്ദിച്ചും തല്ലിക്കൊല്ലുന്ന നടപടിയാണ് ഈ ഗവൺമെൻറ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പോലീസിനെ കയറൂരിവിട്ടിരിക്കുന്ന ഈ നടപടി ഏറ്റവും മോശകരമായ നടപടിയാണ്. ഇക്കാര്യത്തിൽ കുറ്റവാളികളെ കണ്ടുപിടിച്ച് നടപടി സ്വീകരിക്കാൻ ഗവൺമെൻറ് അടിയന്തിരശ്രദ്ധ പതിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, രാമകൃഷ്ണമേനോനും ജോൺസണുംകൂടി കാലത്ത് പാലക്കാട് ഒരു കാര്യത്തിനുപോയിട്ട് മദ്യം കഴിച്ചുകൊണ്ടാണ് അവിടെനിന്നും മടങ്ങിവന്നത്. തിരിച്ച് തൃശ്ശൂർ വന്ന് നല്ലവണ്ണം മദ്യപാനംചെയ്ത് ഓട്ടോറിക്ഷയിൽ കയറി രാമകൃഷ്ണന്റെ വീട്ടിൽക്കൊണ്ടുപോയിയാക്കി. രാമകൃഷ്ണമേനോൻ അഞ്ചുരൂപ എടുത്തു കൊടുത്തു. അതുകഴിഞ്ഞ് തിരിച്ച് ചക്രമുക്ക് എന്ന സ്ഥലത്തുവന്നപ്പോൾ ജോൺസൺ അവിടെ ഓട്ടോറിക്ഷ നിറുത്തണമെന്നുപറഞ്ഞു. നിറുത്തി. ഒരു വീട്ടിന്റെ ഗേറ്റ് തുറക്കാൻ പറഞ്ഞു. ഓട്ടോറിക്ഷാ ഡ്രൈവർ കൂട്ടാക്കിയില്ല. അവർ തമ്മിൽ അവിടെവച്ച് വഴക്കായി. എന്നാൽ എന്നെ കയറിയ സ്ഥലത്തുകൊണ്ടുപോയിവിടുവെന്നു പറഞ്ഞ് ആ ഓട്ടോറിക്ഷയിൽ കയറി പടിഞ്ഞാറെക്കോട്ടയ്ക്കുള്ളിലെ റോഡിലുള്ളതായ ഓവർബ്രിഡ്ജിന്റെയവിടെ വന്നപ്പോൾ വീണ്ടും അവർ തമ്മിൽ വഴക്കായി. എന്തിനാണ് രണ്ടോട്ടോടും പണം വാങ്ങുന്നതെന്നുപറഞ്ഞു വഴക്കായി. വഴക്കായി തല്ലി. ജോൺസൺ ഓട്ടോഡ്രൈവറെ തല്ലി. ഡ്രൈവർ ഉടൻതന്നെ വണ്ടി കൺട്രോൾ റൂമിലേയ്ക്കു കൊണ്ടുപോയി. അവിടെച്ചെന്ന്. പരാതിപറഞ്ഞു അവിടെച്ചെന്ന് പരാതിപറഞ്ഞപ്പോൾ അവിടെയല്ല ടൗൺപോലീസ് സ്റ്റേഷനിൽച്ചെന്ന് പരാതിപ്പെടുവെന്ന് പറഞ്ഞ് അവിടെനിന്നും തിരിച്ചയച്ചു വീണ്ടും ഓട്ടോറിക്ഷയിൽത്തന്നെ വന്നു. വഴിക്കു വന്നപ്പോൾ ജോൺസൺ വണ്ടിയിൽനിന്നും ചാടി. അതിനുശേഷം ജോൺസനെ ഈ കിണറിലാണ് കാണുന്നത്. പോലീസ്സ്റ്റേഷനിൽ ചെന്നിട്ടില്ല. പരാതിപ്പെട്ടിട്ടില്ല, കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. കൺട്രോൾ റൂമിൽനിന്ന് ടൗൺ പോലീസ്സ്റ്റേഷനിലേക്ക് പോകാൻവേണ്ടി നിർദ്ദേശിച്ച് ഓട്ടോറിക്ഷയിൽ കയറിപ്പോയതാണ്. കിണറ്റിൽനിന്നും കിട്ടിയ ശവം പോസ്റ്റ്മാർട്ടം ചെയ്തപ്പോൾ കിണറ്റിൽ മുങ്ങിമരിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. പോലീസ് സ്റ്റേഷനും പോലീസുകാർക്കും ഇതിൽ ഒരു ബന്ധവുമില്ല. പോലീസ്സ്റ്റേഷനിൽക്കൊണ്ടുപോയി തല്ലിക്കൊന്നിട്ട് കിണറ്റിൽ ഇടുകയെന്ന ഒരടിസ്ഥാനവുമില്ലാത്ത ഒരാരോപണമാണിത്. വാസ്തവത്തിൽ അങ്ങനെ ഉണ്ടായിട്ടില്ല.

(10) കുടിവെള്ളത്തിൻമേലുള്ള വിലവർദ്ധനവ്

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ : സർ, കേരളത്തിൽ കേരള വാട്ടർ അതോറിറ്റി കുടിവെള്ളത്തിന്റെ വില വല്ലാതെ വർദ്ധിപ്പിച്ചിരിക്കുന്നു. കൊച്ചി മേഖലയിൽ ഉടനടി നടപ്പിലാക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. മറ്റ് മേഖലകളിൽ ഉടനടി നടപ്പിലാക്കുമെന്നാണ് അറിയാൻ കഴിഞ്ഞത്. എല്ലാ നഗരങ്ങളിലെയും ശുദ്ധജലവിതരണം അടുത്ത വർഷത്തോടുകൂടി കേരളമൊട്ടാകെ കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയാണ്. ആയിരം ലിറ്ററിന് ഇപ്പോൾ 75 പൈസയാണ് നിശ്ചയിച്ചിരിക്കുന്നതെങ്കിൽ ഇനി മുതൽ വീട്ടാവശ്യത്തിനാണെങ്കിൽപ്പോലും 1.25 രൂപയായി വർദ്ധിപ്പിക്കുമെന്നാണ് നിർദ്ദേശം. സാധാരണ സ്ഥാപനങ്ങളിലുള്ളവർക്ക് ഒന്നരരൂപയും വ്യവസായസ്ഥാപനങ്ങളിലുള്ളവർക്ക് രണ്ടരരൂപയും ആയിരം ലിറ്ററിന് വിലവർദ്ധിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മുമ്പ് പി. എച്ച്. ഇ. ഡി. വെള്ളം വിതരണം ചെയ്തപ്പോൾ 20 പൈസയായിരുന്നു ആയിരം ലിറ്റർ വെള്ളത്തിന് നൽകിയിരുന്ന വില. വെള്ളത്തിനുള്ള ഇത്തരം ക്രമാതീതമായ വിലവർദ്ധനവിന് യാതൊരു ന്യായീകരണവുമില്ല. കണക്ഷൻ ചാർജ് 75 രൂപ മുതൽ 150 രൂപ വരെയായിരുന്നുവെങ്കിൽ അതിപ്പോൾ 500 രൂപയായി

LIBRARY ARCHIVES Kerala Legislative Assembly